കോടി രൂപ പ്ലസ് 252 കോടി രൂപയും കൂടി കൂട്ടിയുള്ള ജല നിർഗ്ഗമന പദ്ധതികളുണ്ട്, മറ്റ് ചില പദ്ധതികളുണ്ട്. ഓണാട്ടുകരയുടെ കാർഷിക ഗവേഷണ കേന്ദ്രം മെച്ചപ്പെടുത്തേണ്ടതുണ്ട്. അത് വിശാലമായ അർത്ഥത്തിൽ, ഗവേഷണ അടിസ്ഥാനത്തിൽ ഓണാട്ടുകരയ്ക്കു വേണ്ടിയുള്ള സംവിധാനങ്ങളുമായി ഒരുപാട് മുന്നോട്ടു പോകേണ്ടതുണ്ട്. ഇതെല്ലാം ചേർത്ത് ഓണാട്ടുകരയ്ക്കു വേണ്ടി ഒരു പാക്കേജ് അത് ഏതാണ്ട് രൂപീകരിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ ഓർഗനൈസേഷൻ അതിന്റെ നടപടിക്രമങ്ങൾ പ്രാഥമിക അർത്ഥത്തിൽ നടക്കുകയാണ്. ഇതെല്ലാം നടന്നു കഴിഞ്ഞാൽ തീർച്ചയായും ഈ വർഷം അതിന്റെ നടപടികൾ നീക്കുകയും വരുന്ന വർഷം നമുക്കത് നടപ്പിലാക്കി തുടങ്ങുകയും ചെയ്യാവുന്നതാണ് അതിന്റെ ഒരു പദ്ധതി, വഴിയോര കൃഷി എന്ന ഒരു പദ്ധതി കഴിഞ്ഞ 19-ാം തീയതി നടപ്പാക്കി കഴിഞ്ഞു. ഓണാട്ടുകരയിലെ നാട്ടുകൂട്ടത്തിന്റെ തീരുമാനങ്ങളിൽ സമഗ്രമായ ഒരു ഓണാട്ടുകര വികസന പദ്ധതി എന്നുള്ള നിലയിൽ മുന്നോട്ടു പോകുകയാണ്. അതിന് ഈ അപ്പെക്സ് സംവിധാനത്തിന്റെ പേര് എന്താകണമെന്നുള്ളത് തീർച്ചയായും നമുക്ക് തീരുമാനിക്കാം. ആ അപ്പെക്സ് സംവിധാനം ഉണ്ടാകണമെന്നുള്ളത് തീരുമാനം തന്നെയാണ്.

ശ്രീ. എം. മുരളി: സർ, 2000 ക്ലസ്റ്റേഴ്സ് രൂപീകരിച്ച് അതിന്റെ മുകളിൽ ഒരു അപ്പെക്സ് ബോഡി ഉണ്ടാക്കുന്നതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ആ അപ്പെക്സ് ബോഡി മാത്രമല്ല ഞാൻ ഉദ്ദേശിച്ചത്. അങ്ങനെ നടത്തിയ പ്രഖ്യാപനം അനുസരിച്ച് കേന്ദ്ര ഗവൺമെന്റിനു മുന്നിൽ സമർപ്പിച്ച വിവിധങ്ങളായ സ്കീമുകൾ, ഇറിഗേഷൻ സ്കീമുകൾ ഉൾപ്പെടെ, ഇവിടെ ചൂണ്ടിക്കാണിച്ച 13-ാം ധനകാര്യ കമ്മീഷനിൽനിന്ന് കിട്ടുന്ന വിഹിതം ഉൾപ്പെടെ മാറ്റുമ്പോൾത്തന്നെ 500 കോടി രൂപയുടെ പദ്ധതി ഇപ്പോൾ നമ്മുടെ മുമ്പിൽ കടന്നുവന്നിരിക്കുന്നു. അത് നടപ്പാക്കാനുള്ള പാക്കേജിന്റെ ഇംപ്ലിമെന്റേഷൻ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കോ-ഓഡിനേഷൻ, അതിന് ഒരു അതോറിറ്റി എന്ന് ഞാൻ പറയുന്നില്ല, ഞാൻ ഇട്ട പേര് വേണ്ട. അതോറിറ്റി വേണ്ട. അതിന് ഏജൻസി പോര, ഒരു പ്രത്യേക തരം സംവിധാനം വേണം അതാണ് ഞാൻ ആവശ്യപ്പെടുന്നത്. അതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. മുല്ലക്കര രത്നാകരൻ: ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിച്ച കാര്യം പ്രത്യേകമായി പരിഗണിക്കുന്നതാണ്. എന്നാൽ ഈ അപ്പെക്സ് സംവിധാനം നമുക്ക് ഒഴിവാക്കുവാൻ കഴിയുകയില്ല. അത് നമ്മൾ പ്രഖ്യാപിച്ചതാണ്. ഇത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(2) ആംബുലൻസ് സർവ്വീസ്

ശ്രീ. വി. എൻ. വാസവൻ: സർ, കേരളാ എമർജൻസി മെഡിക്കൽ സർവ്വീസ് പ്രോജക്ടിന്റെ കീഴിൽ തലസ്ഥാന നഗരിയിൽ ആധുനിക സംവിധാനത്തോടു കൂടിയുള്ള ആംബുലൻസിന്റെ പ്രവർത്തനം ഇപ്പോൾ നടന്നുവരികയാണ്. ഇത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കേണ്ടതിന്റെ പ്രാധാന്യമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നത്. കാരണം ഇന്ന് നമ്മുടെ സമൂഹത്തിൽ ഓരോ ദിവസവും

LIBRARY ARCHIVES KERALA NIYAMASABHA

വളർന്നുവന്നുകൊണ്ടിരിക്കുന്ന മരണനിരക്ക് പരിശോധിച്ചാൽ കുഴഞ്ഞു വീണ് മരിക്കുന്നവരുടെ എണ്ണം ഓരോ ദിവസവും പെരുകി വരികയാണ്. അത് സംബന്ധിച്ച് വാർത്ത ഇല്ലാത്ത ദിവസങ്ങളില്ല. പ്രധാനമായും അത്തരമൊരു ഘട്ടത്തിൽ നമുക്ക് എമർജൻസി സർവ്വീസ് ഉണ്ടെങ്കിൽ സിപിആർ കൊടുക്കുവാൻ സഹായിക്കുന്ന എല്ലാ ആധുനിക സംവിധാനങ്ങളും ആ എമർജൻസി സർവ്വീസിനോടൊപ്പം ഉണ്ടാകും. അതിന് പരിശീലനം സിദ്ധിച്ച സ്റ്റാഫുമുണ്ടാകും. അതോടൊപ്പംതന്നെ അതിന് സാങ്കേതികമായി സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുള്ള ആംബുലൻസ് സംവിധാനങ്ങളുമുണ്ട്. ആ കൂട്ടത്തിൽത്തന്നെ വെന്റിലേറ്റർ സംവിധാനം, ഇ.സി.ജി. എടുക്കുവാനുള്ള സംവിധാനം, ബി.പി. നോക്കുവാനുള്ള സംവിധാനം ഓക്സിജൻ സ്റ്റാന്റ് ഇതെല്ലാം ആ ആംബുലൻസിനോട് അനുബന്ധമായി ഇപ്പോൾ ഉണ്ട്. ഇത്തരമൊരു സൗകര്യം വ്യാപിപ്പിക്കേണ്ടതിന്റെ പ്രാധാന്യം വളരെ വലുതാണ്. അതോടൊപ്പംതന്നെ ഈ രോഗിക്ക് പ്രാഥമികമായ ചികിത്സാ സൗകര്യങ്ങൾ ഉറപ്പാക്കാൻ സഹായിക്കുന്ന തരത്തിൽ ഒരു ഡോക്ടറുടെ സേവനം അതിൽ ഉറപ്പു വരുത്താൻ കഴിയുന്നതാണ്. മറ്റൊന്ന് രോഗിക്ക് ഡ്രിപ്പ് കൊടുത്തുകൊണ്ട് ആംബുലൻസിൽത്തന്നെ കൊണ്ടു പോകുവാൻ കഴിയുന്ന സാഹചര്യമുണ്ടാകും. അതോടൊപ്പം ഈ പാരാമെഡിക്കൽ സ്റ്റാഫിനു വേണമെങ്കിൽ ബ്ലഡ് ടെസ്റ്റ് ആംബുലൻസിൽത്തന്നെ നടത്തിക്കഴിഞ്ഞാൽ ഹോസ്പിറ്റലിൽ എത്തുമ്പോഴേയ്ക്കും അടിയന്തരമായി ബ്ലഡ് വേണ്ടിവരുന്ന ആളാണെങ്കിൽ അങ്ങനെ കൊടുക്കുവാൻ കഴിയുന്ന സാഹചര്യമുണ്ടാകും. പലപ്പോഴും അപകടങ്ങൾ ഉണ്ടാകുമ്പോൾ, അപകടങ്ങളിൽ മരിക്കുന്നവരിൽ ബഹുഭൂരിപക്ഷം പേരുടെ കാര്യത്തിലും പോസ്റ്റ്മോർട്ടം റിസൾട്ടിൽ വരുന്ന കോസ് ഓഫ് ഡെത്ത് ബ്ലീഡിംഗ് ആണ്. ആ ബ്ലീഡിംഗ് മരണകാരണമായിട്ടുള്ള എത്രയോ കേസ്സുകളുണ്ട്. സമയത്ത് ആശുപത്രിയിൽ എത്തിക്കുവാൻ കഴിയാതെ വരുന്ന കേസ്സുകളാണ് അത്തരത്തിൽ ബ്ലീഡിംഗിലൂടെ മരണകാരണമായി മാറുന്നത് എന്ന് നാം തിരിച്ചറിയുകയാണ്. അതുപോലെതന്നെ ഇപ്പോൾ മെഡിക്കൽ കോളേജുകളിൽ എത്തിക്കഴിഞ്ഞാൽ, അല്ലെങ്കിൽ മറ്റ് ആശുപത്രികളിൽ എത്തി കഴിഞ്ഞാൽ ഇരുപത്തിനാല് മണിക്കൂറും ബ്ലഡ് കൊടുക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തതിന്റെ അഭാവവും വലിയ രൂപത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. അപ്പോൾ ഈ ആധുനിക സംവിധാനങ്ങൾ ഉണ്ടാകുന്നതോടൊപ്പം അത്തരത്തിലുള്ള സാഹചര്യങ്ങൾ കൂടി നമുക്ക് ഉണ്ടാക്കിയെടുക്കുവാൻ കഴിയേണ്ടതാണ്. പിന്നീട് വളരെ പെട്ടെന്നുണ്ടാകുന്ന ചില രോഗങ്ങൾക്ക് അടിയന്തരമായി ചികിത്സ കിട്ടിയില്ലെങ്കിൽ ഉണ്ടാകാവുന്ന ദുരന്തം, ഇവിടെ സ്ട്രോക്ക് വരുന്ന ആളുകൾക്ക് ഒരു നിശ്ചിത സമയത്തിനുള്ളിൽത്തന്നെ അതിന് ട്രീറ്റ്മെൻറ് ലഭിക്കണം. ഹൃദയാഘാതം ഉണ്ടാകുന്ന ആളുകൾക്ക് നിശ്ചിത സമയത്തിനുള്ളിൽത്തന്നെ ട്രീറ്റ്മെന്റ് ലഭിക്കണം. അതുപോലെ സിപിആർ കൊടുക്കുന്ന സൗകര്യങ്ങളുണ്ടാകണം. ഇത്തരത്തിലുള്ള ആധുനിക സംവിധാനങ്ങളെല്ലാം ഉറപ്പാക്കിക്കൊണ്ടാണ് ഈ ആംബുലൻസിന്റെ സേവനം ഇപ്പോൾ നമ്മുടെ തലസ്ഥാന നഗരിയിൽ ഓടുന്നത് എങ്കിൽ ഇത് മറ്റു ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിച്ചു കഴിഞ്ഞാൽ കുഴഞ്ഞു വീണ് മരിക്കുന്നവരുടേയും അപടകങ്ങളിൽപ്പെട്ട് സമയത്ത് ട്രീറ്റുമെൻറ് ലഭിക്കാതെ വരുന്നവരുടേയും മറ്റ് ഗുരുതരമായ രോഗങ്ങൾ ബാധിച്ച്

LIBRARY ARCHIVES KERALA LEGISLATIVE ASSEMBLY

സമയത്ത് ചികിത്സ ലഭിക്കാതെ വരുന്നവരുടേയും നമ്പർ കുറച്ചുകൊണ്ടു വരാൻ കഴിയും. സാധാരണക്കാർക്കും പാവങ്ങൾക്കുമെല്ലാം ഏറെ ആശ്വാസകരമായ ഒരു സാഹചര്യമായിരിക്കും ഇതുവഴി ഉണ്ടായിക്കിട്ടുക. അതുകൊണ്ട് എല്ലാ ജില്ലകളിലേയ്ക്കും ഈ എമർജൻസി ആംബുലൻസിന്റെ പ്രവർത്തനം വ്യാപിപ്പിക്കണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് വിനയപൂർവ്വം അപേക്ഷിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, 2010 മേയ് മാസം 19-ാം തീയതിയാണ് പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം ജില്ലയിൽ 25 ആംബുലൻസുകളുടെ പ്രവർത്തനം ആരംഭിച്ചത്. ഒരു എമർജൻസി മെഡിക്കൽ സർവ്വീസ് പ്രോജക്ട് എന്നുള്ള നിലയിലാണ് ആരംഭിച്ചത്. റോഡ് അപകടങ്ങൾ അനുദിനം പെരുകിക്കൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട എം.എൽ.എ. അതുസംബന്ധിച്ച് ഇവിടെ വളരെ വിശദമായി സംസാരിക്കുകയുണ്ടായി. അനുദിനം ഇത് പെരുകിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ അത്യാഹിതം സംഭവിക്കുന്ന സ്ഥലത്തുനിന്നും ആംബുലൻസിൽ അടിയന്തര പ്രഥമ ശുശ്രൂഷ നൽകി തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രത്തിലെത്തിച്ച് ജീവൻ രക്ഷിക്കുവാൻ സഹായിക്കുന്ന പദ്ധതി വളരെയേറെ പ്രയോജനമാണെന്ന് തിരുവനന്തപുരത്തെ അനുഭവം വ്യക്തമാക്കുന്നു. സൗജന്യമായി ആണ് ഗവൺമെന്റ് 108 വഴി സേവനം നൽകുന്നത്. നാളിതുവരെ തിരുവനന്തപുരം ജില്ലയിൽ പതിനേഴായിരത്തിൽപ്പരം അത്യാഹിതങ്ങൾ അറ്റന്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഏത് അത്യാവശ്യ ഘട്ടങ്ങളിലും 108 എന്ന നമ്പരിലേക്ക് വിളിച്ചാൽ ലഭ്യമാകുന്ന സേവനം പലരുടേയും ജീവൻ രക്ഷിക്കുവാൻ സഹായകരമായിട്ടുണ്ട്. അടിയന്തരഘട്ടങ്ങളിൽ ഏറ്റവും ഫലപ്രദമായി ഉപയോഗിക്കുവാൻ പറ്റുന്ന ഈ സേവനം അതിന്റെ പ്രവർത്തന വിജയം വിലയിരുത്തിയതിനുശേഷം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി സർക്കാർ അനുകൂല തീരുമാനമെടുത്തിട്ടുണ്ട്. അതിനായി ടെണ്ടർ വിളിക്കുകയുമുണ്ടായി. എന്നാൽ ടെണ്ടർ നടപടിക്കെതിരായിട്ടുള്ള ചില പെറ്റീഷനുകൾ ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. നിയമ വിധേയമായ രീതിയിൽ സർക്കാർ തീരുമാനം നടപ്പാക്കുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. എൻ. വാസവൻ: ഞാൻ ചോദിച്ചതിന് ഒരു കാര്യംകൂടി. ഇരുപത്തിനാല് മണിക്കൂറും ബ്ലഡ് കൊടുക്കുന്നതിനുള്ള സൗകര്യം കൂടി ഏർപ്പെടുത്താൻ കഴിയുന്ന ഒരു സാഹചര്യം നമുക്ക് ഉണ്ടാകുമോ? ഇപ്പോൾ അത് ഒരു മണിവരെയാണ് ഹോസ്പിറ്റലുകളിൽ എടുത്തുകൊണ്ടിരിക്കുന്നത്. പെട്ടെന്ന് ഒരു രോഗിയെ കൊണ്ടു ചെന്നു കഴിഞ്ഞാൽ സ്പെഷ്യൽ ബ്ലഡ് വേണമെന്നു പറഞ്ഞാൽ കൊടുക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് ഇത് 24 മണിക്കൂറും ആ സേവനം ഉറപ്പാക്കുവാൻ കഴിയുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: വിവിധതരത്തിലുള്ള ആംബുലൻസുകളുണ്ട്. ആംബുലൻസിൽ വയ്ക്കുന്ന എക്യുപ്മെന്റിന്റെ പ്രാധാന്യം അനുസരിച്ച് അതിന്റെ കോസ്റ്റും കൂടും. തിരുവനന്തപുരത്ത് ഓടുന്ന ആംബുലൻസ് എ.എൽ.എസ് ആംബുലൻസാണ് അതിൽ എല്ലാ ജീവൻ രക്ഷാ ഉപകരണങ്ങളും

LIBRARY ARCHIVES KERALA LEGISLATIVE ASSEMBLY

ഘടിപ്പിച്ചിട്ടുണ്ട്. അതേസമയം ഇതിൽ ബ്ലഡ് നൽകുന്നതിന് ഉൾപ്പെടെ ആകുമ്പോൾ അതിന് കുറച്ചുകൂടി ചെലവ് കൂടും. അതേസമയത്ത് ബി.എൽ.എസ്. ആംബുലൻസെന്നു പറയുന്നത് കുറച്ചുകൂടി കോസ്റ്റ് കുറഞ്ഞ ആംബുലൻസാണ്. നമ്മുടെ സംസ്ഥാനത്ത് രണ്ടു തരത്തിലുള്ള ആംബുലൻസും ആവശ്യമാണ്. എ.എൽ.എസ് ആംബുലൻസും ബി.എൽ.എസ്. ആംബുലൻസും. ബ്ലഡിംഗിനു കൂടി സൗകര്യപ്പെടുന്ന വിധത്തിൽ ഒരു വാഹനം ഇപ്പോൾ സെൻട്രൽ ഗവൺമെന്റിൽനിന്ന് കിട്ടിയിട്ടുണ്ട്. അത് ബ്ലഡിംഗിനൊക്കെ പറ്റുന്നതാണ്. ഇപ്പോഴുള്ള ആംബുലൻസിന് ആ സൗകര്യമില്ല. മറ്റെല്ലാതരത്തിലുമുള്ള പ്രഥമിക ശുശ്രൂഷയ്ക്കുള്ള സൗകര്യമുണ്ട്. അതും ഭാവിയിൽ പരിശോധിക്കാവുന്നതാണ്, നല്ല ഒരു അഭിപ്രായമാണ്.

IV സബ്മിഷൻ

(1) ഫെയർസ്റ്റേജ് അനുവദിക്കാൻ നടപടി

ശ്രീ. മാത്യൂ തോമസ്: സർ, തൃശ്ശൂർ–പാലക്കാട് ദേശീയ പാതയിൽ കെ. എസ്. ആർ. ടി. സി. സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് ഇപ്പോൾ ഫെയർ സ്റ്റേജ് സ്റ്റോപ്പുകൾ ഇല്ല. തൃശ്ശൂർ ട്രാൻസ്പോർട്ട് സ്റ്റാന്റിൽനിന്നും ബസ് പുറപ്പെട്ടാൽ പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരിയിൽ മാത്രമാണ് ഇപ്പോൾ സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് ഫെയർ സ്റ്റേജ് സ്റ്റോപ്പുള്ളത്. തൃശ്ശൂർ ജില്ലയിലെ ഏറ്റവും പ്രമുഖ ടൂറിസ്റ്റ് കേന്ദ്രമായ പീച്ചി ഡാം, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ബനാനാ റിസർച്ച് സ്റ്റേഷൻ, പീച്ചി വാഴാനി വന്യമൃഗ സങ്കേതം, പീച്ചി ജലവൈദ്യുത പദ്ധതി, നിരവധി സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയിലേയ്ക്ക് ജനങ്ങൾക്ക് വരുന്നതിന് സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് തൃശ്ശൂർ, പാലക്കാട് ദേശീയ പാതയിലെ പട്ടിക്കാട് ഫെയർ സ്റ്റേജ് സ്റ്റോപ്പ് അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): സർ, ശ്രീ. മാത്യൂ തോമസിന്റെ സബ്മിഷനിൽ തൃശ്ശൂർ–പാലക്കാട് ദേശീയപാതയിലെ പട്ടിക്കാട് കെഎസ്ആർടിസി സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് ഫെയർ സ്റ്റേജ് അനുവദിക്കണമെന്ന ആവശ്യം പരിഗണിച്ചുവരികയാണ്. തൃശ്ശൂരിൽനിന്ന് 35 കിമീ. ദൂരമാണ് ഇപ്പോൾ കണക്കാക്കിയിരിക്കുന്നത്. തൃശ്ശൂരിനും വടക്കാഞ്ചേരിക്കും ഇടയിലുള്ള പ്രധാനപ്പെട്ട സ്ഥലമാണ് പട്ടിക്കാട്. ഹൈവേയിൽ നിന്ന് പീച്ചിഡാം ആണ് പ്രധാനപ്പെട്ട ജംഗ്ഷൻ. യാത്രക്കാർ അധികംപേരും ഇറങ്ങുന്ന സ്ഥലംകൂടിയാണ്. നിലവിൽ സ്റ്റോപ്പില്ല എന്നുള്ളത് പരിഗണിക്കുന്നതിനും ഫെയർ സ്റ്റേജ് അനുവദിക്കുന്ന കാര്യത്തിലും നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES KERALA LEGISLATIVE ASSEMBLY